# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

B.Ed പ്രവേശനയോഗ്യത - ബി.എ. ഫംങ്ഷണൽ ഹിന്ദി ബിരുദം ബി.എഡ് ഹിന്ദിയുടെ പ്രവേശന യോഗ്യതയായി മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ XII സെക്ഷൻ

സ.ഉ.നം. 224/AcAXII/3/336-182/B.Ed Eligibility/2018 തീയതി, പി.ഡി.ഹിൽസ് 10.01.2019

---

പരാമർശം : 1) ശ്രീമതി. ജാൻസി ഉല്ലാസ്, ശ്രീമതി പ്രിഞ്ചു. ഓ എന്നിവർ 04.12.2018 ൽ സമർപ്പിച്ച അപേക്ഷ.

2) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (എഡ്യൂക്കേഷൻ-യു.ജി) 22.12.2018 ൽ നൽകിയ കത്ത്.

3) ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ 21.12.2018 ൽ നൽകിയ കത്ത്.

## <u>ഉത്തരവ്</u>

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബി.എഡ് പ്രോഗ്രാമിന്റെ നിലവിലെ പ്രോസ്പെക്ടസ് അനുസരിച്ച് ബി.എഡ് ഹിന്ദി ചെയ്യുന്നതിന് വേണ്ട യോഗ്യതകൾ "B.A degree with Hindi Language and Literature with 50%mark (CGPA of 2) in Part III or in aggregate or Hindi Language and Literature or B.A/B.Sc with 50% of Marks for Part II Hindi and not less than 50% marks for Masters Degree in Hindi Language and Literature" എന്നിങ്ങനെയാണ്.

നിലവിൽ ബി.എഡ് പ്രവേശനത്തിലുള്ള പ്രോസ്പെക്ടസിൽ ബി.എ. ഫംങ്ഷണൽ ഹിന്ദി ബിരുദം ബി.എഡ് (ഹിന്ദി) പ്രവേശനത്തിലുള്ള യോഗ്യതയായി പരിഗണിച്ചിട്ടില്ല. എന്നാൽ ബി.എഡ് (ഇംഗ്ലീഷ്) പ്രവേശനത്തിലുള്ള യോഗ്യതയിൽ ബി.എ. ഫംങ്ഷണൽ ഇംഗ്ലീഷ് ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ബി.എഡ് (ഹിന്ദി) പ്രവേശനത്തിന് അനുവദിക്കുന്നതിന് ബി.എ. ഫംങ്ഷണൽ ഹിന്ദി യോഗ്യത നേടിയ രണ്ട് വിദ്യാർത്ഥിനികൾ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത അപേക്ഷ പരിശോധിച്ച ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (എഡ്യൂക്കേഷൻ - യു.ജി), ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ എന്നിവർ ബി.എ. ഫംങ്ഷണൽ ഹിന്ദി ബിരുദം, ബി.എഡ് ഹിന്ദിയുടെ പ്രവേശന യോഗ്യതയായി അംഗീകരിക്കാമെന്ന് ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമം 1985, അധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ദിലീപ് കുമാർ. ആർ

അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്- III)

രജിസ്ട്രാർക്കു വേണ്ടി

*(മറുപുറം)*

പകർപ്പ്:

1. ശ്രീമതി. ജാൻസി ഉല്ലാസ്, ശ്രീമതി പ്രിഞ്ചു. ഓ
2. വി.സി/പി.വി.സി എന്നിവരുടെ പി.എസ്-മാർ
3. രജിസ്ട്രാർ/സി.ഇ എന്നിവരുടെ പി.എ മാർ
4. ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ
5. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (എഡ്യൂക്കേഷൻ - യു.ജി)
6. AR III/ DR II (Acad)
7. JR II(Admn)
8. JR II (Exam)
9. EI-V/EI-VI/EI-XXVI Sections
10. ACD Section
11. റെക്കോർഡ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ്
12. എസ്.എഫ്/എഫ്.സി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ